LIBRARY ARCHIVES Kerala Legislative Assembly

പടിഞ്ഞാറത്തറ-കുറ്റിയാം വയൽ ജ്യോതിസ് ബാലജനസഖ്യം

329 (335) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ പടിഞ്ഞാറത്തറ - കുറ്റിയാം വയൽ ജ്യോതിസ് ബാലജനസഖ്യം പ്രവർത്തകർ സമർപ്പിച്ച അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത അപേക്ഷയിന്മേൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) കൽപ്പറ്റയിൽ നിന്നും പടിഞ്ഞാറത്തറയിലേക്ക് സർവ്വീസ് നടത്തുന്ന ഏതെങ്കിലും ഒരു ബസ്സിന്റെ ട്രിപ്പ് വിദ്യാർത്ഥികൾക്ക് ഉപകാരപ്രദമായ രീതിയിൽ രാവിലെയും വൈകിട്ടും കുറ്റിയാം വയലിലേക്ക് നീട്ടുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേൽപ്പറഞ്ഞ അപേക്ഷ വിശദമായ സാധ്യതാപഠനത്തിനായി 31-1-2015-ൽ കെ.എസ്.ആർ.ടി.സി.-യുടെ കോഴിക്കോട് മേഖലാ അധികാരിയ്ക്ക് കൈമാറുകയുണ്ടായി.

(ബി) ടി.റൂട്ടിൽ ഒരു പുതിയ സർവ്വീസ് ആരംഭിക്കുന്നതിനുള്ള സാധ്യതാപഠനം നടത്തിക്കൊണ്ടിരിക്കുകയാണ്.

(സി) നിലവിൽ പടിഞ്ഞാറത്തറ വഴി മാനന്തവാടിയിലേക്ക് ഓപ്പറേറ്റ് ചെയ്യുന്ന സർവ്വീസുകളിൽ മാറ്റം വരുത്തുന്നത് പ്രായോഗികമല്ല. മറ്റേതെങ്കിലും ഷെഡ്യൂൾ മാറ്റം വരുത്തി കുറ്റിയാംവയലിലേക്ക് രാവിലേയും വൈകുന്നേരവും ഓരോ ട്രിപ്പുകൾ ആരംഭിക്കുവാൻ കഴിയുമോയെന്ന സാധ്യതാ പഠനം നടത്തിക്കൊണ്ടിരിക്കുകയാണ്. പഠന റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ടി റൂട്ടിലൂടെ പുതിയ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

രാമചന്ദ്രൻ കമ്മീഷൻ ശിപാർശ

330 (336) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബസ് ചാർജ്ജ് വർദ്ധനവ് നടപ്പിലാക്കുന്നതിന് രാമചന്ദ്രൻ കമ്മീഷൻ നൽകിയ ശിപാർശകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;